K-DISC
Kerala Development and Innovation Strategic Council

# INNOTRACE

31 ജനുവരി 2023 വാല്യം I | ലക്കം 2



## എഡിറ്ററുടെ കുറിപ്പ്

വ്യാവസായികാനന്തര സമൂഹത്തിൽ, ഉൽപ്പാദന ശക്തികളുടെ സജീവ ഘടകമായി മനുഷ്യന്റെ അറിവ് മാറുമെന്ന് വാദിച്ചത് അമേരിക്കൻ സാമൂഹ്യശാസ്ത്രജ്ഞനും, പത്രാധിപരും ഹാർവാർഡ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസറുമായ ഡാനിയൽ ബെൽ ആണ്. 18, 19 നൂറ്റാുകളിൽ സാർവത്രികത, സ്വാതന്ത്ര്യം, സമത്വം എന്നീ ആശയങ്ങളെ വളർത്തിയെടുത്ത പൊതുവിജ്ഞാന കൂട്ടായ്മയെ വിശാലമാക്കുന്നതിൽ പുതിയ സാങ്കേതികവിദ്യകളും ഒരു പൊതുശൃംഖലയെന്ന നിലയിൽ ഇന്റർനെറ്റിന്റെ ആവിർഭാവവും പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നതായി യുനെസ്കോ 2005 റിപ്പോർട്ട് ആയ 'ടുവേർഡ്സ് നോളജ് സൊസൈറ്റീസ്' ചൂണ്ടിക്കാട്ടുന്നുണ്ട്. വിജ്ഞാന സമൂഹങ്ങൾക്ക് അറിവിലേക്കും യഥാർത്ഥമായ പങ്കുവയ്ക്കലിലേക്കും തുല്യവും സാർവത്രികവുമായ പ്രവേശനം നേടുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്താനും മാനുഷികവും സുസ്ഥിരവുമായ വികസനത്തിന്റെ സ്തംഭമായി നിലകൊള്ളാനും സാധിച്ചേക്കാം. കല, സാഹിത്യം, സംസ്കാരം, ശാസ്ത്രം, മാധ്യമം, വിദ്യാഭ്യാസം തുടങ്ങി വിവിധ മേഖലകളിൽ കേരളത്തിൽ നിന്നുള്ളവർ നൽകിയ സമ്പന്നമായ ബൗദ്ധിക സംഭാവനകളിൽ സമൂഹം മൊത്തമായി വിജ്ഞാനം സൃഷ്ടിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും നല്കുന്ന ഊന്നൽ പ്രതിഫലിക്കുന്നുണ്ട്. സമഗ്ര വികസനത്തിന്റെ കേരള മാതൃകകൾ ലോകമെമ്പാടും പ്രശംസിക്കപ്പെടുകയും സംസ്ഥാനത്തെ അഭ്യസ്തവിദ്യർക്ക് ലോകത്തെവിടെയുമുള്ള അവസരങ്ങൾ പ്രയോജനപ്പെടുത്താൻ അത് കാരണമാകുകയും ചെയ്തു. വ്യാവസായിക സമ്പദ്‌വ്യവസ്ഥയിൽ നിന്ന് ഇന്നൊവേഷൻ അധിഷ്ഠിത വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്ക് മാറുംവിധം സാങ്കേതിക മുന്നേറ്റം ലോകത്തെ പരിവർത്തനം ചെയ്യുകയാണ്.



**Dr. P. V. Unnikrishnan**
*Member Secretary, K-DISC*

2021 മെയ് മാസത്തിൽ കേരള സർക്കാർ ആരംഭിച്ച കേരള നോളജ് ഇക്കണോമി മിഷൻ, ഇന്നൊവേഷൻ അധിഷ്ഠിത വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്കുള്ള സംസ്ഥാനത്തിന്റെ പരിവർത്തനത്തിലെ ഒരു പ്രധാന ചുവടുവയ്പ്പാണ്. കെ കെ ഇ എമ്മിന്റെ പോർട്ടലായ ഡി ഡബ്ല്യു എം എസ് അടുത്തിടെ നേടിയ ഡിജിറ്റൽ ഇന്ത്യ അവാർഡ്, അഞ്ച് വർഷത്തിനുള്ളിൽ രണ്ട് ദശലക്ഷം തൊഴിലവസരങ്ങൾ എന്ന ലക്ഷ്യത്തിലേക്ക് അതിവേഗം കുതിക്കുന്ന ഈ പരിപാടിയുടെ തൊപ്പിയിലെ ഒരു പൊൻതൂവലാണ്. സാക്ഷരതാ മിഷനും ജനകീയാസൂത്രണത്തിനും ശേഷം ഇന്നാട്ടിൽ ഉടലെടുത്ത ഏറ്റവും വിപ്ലവകരമായ പരിപാടിയായ കേരള നോളജ് ഇക്കണോമി മിഷനെ കേന്ദ്രീകരിച്ചാണ് വാർത്താപത്രികയുടെ ഈ ലക്കം.

# ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിന് ദേശീയ പുരസ്കാരം

കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ (കെ-ഡിസ്ക്) മുൻനിര പരിപാടിയായ കേരള നോളജ് ഇക്കണോമി മിഷൻ (കെ കെ ഇ എം) വികസിപ്പിച്ച ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (ഡി ഡബ്ല്യു എം എസ്), ഇന്ത്യാ ഗവൺമെന്റ് ഏർപ്പെടുത്തിയ ഡിജിറ്റൽ ഇന്ത്യ അവാർഡ് 2022-ൽ പ്ലാറ്റിനം പുരസ്കാരം നേടി. സ്റ്റാർട്ടപ്പുകളുമായി സഹകരിച്ചുള്ള ഡിജിറ്റൽ സംരംഭങ്ങൾ എന്ന വിഭാഗത്തിലാണ് ഈ അവാർഡ്. കെ-ഡിസ്ക് മെമ്പർ സെക്രട്ടറി ഡോ. പി. വി. ഉണ്ണിക്കൃഷ്ണൻ, ഡിജിറ്റൽ യൂണിവേഴ്സിറ്റിയിലെ സെന്റർ ഫോർ ഡിജിറ്റൽ ഇന്നൊവേഷൻ ആൻഡ് പ്രോഡക്ട് ഡെവലപ്മെന്റ് ഡയറക്ടർ അജിത് കുമാർ ആർ, കെ കെ ഇ എം സ്കില്ലിംഗ് ജനറൽ മാനേജർ പി. എം. റിയാസ് എന്നിവർ ചേർന്ന് 2023 ജനുവരി 7ന് ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ നടന്ന ചടങ്ങിൽ ഇന്ത്യയുടെ ബഹുമാനപ്പെട്ട രാഷ്ട്രപതി ദ്രൗപതി മുർമുവിൽനിന്ന് അവാർഡ് സ്വീകരിച്ചു.





**രാഷ്ട്രപതി ശ്രീമതി ദ്രൗപതി മുർമുവിൽ നിന്ന് ഡോ. പി. വി. ഉണ്ണികൃഷ്ണൻ, അജിത് കുമാർ ആർ, പി. എം. റിയാസ് എന്നിവർ അവാർഡ് ഏറ്റുവാങ്ങുന്നു**










അഞ്ച് വർഷത്തിനുള്ളിൽ 20 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്ന കെ കെ ഇ എമ്മിന്റെ നട്ടെല്ലാണ് ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം എന്ന പോർട്ടൽ. വിവിധ യോഗ്യതകളുള്ള 50 ലക്ഷത്തോളം തൊഴിലന്വേഷകരെ അണി നിരത്തുന്നതിനൊപ്പം ഏകദേശം 55 ലക്ഷം വൈജ്ഞാനിക ജോലികൾ കണ്ടെത്താനും ഡിഡബ്ള്യുഎംഎസ് വിഭാവനം ചെയ്യുന്നു. ഏകദേശം 35 ലക്ഷം തൊഴിലന്വേഷകർക്ക് പ്രസക്തമായ നൈപുണ്യ പരിശീലനം നൽകുന്നതിലൂടെ 5 വർഷത്തിനുള്ളിൽ 20 ലക്ഷത്തിലധികം ആളുകൾക്ക് തൊഴിൽ നൽകാൻ ഇത് പദ്ധതിയെ പ്രാപ്തമാക്കും.

**എ)** പുതുമുഖങ്ങൾ, വിദ്യാസമ്പന്നരായ തൊഴിൽരഹിതർ, തൊഴിൽരഹിതരായ സ്ത്രീകൾ, മടങ്ങിവരുന്ന പ്രവാസികൾ, **ബി)** നൈപുണ്യ ദാതാക്കൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എംഎസ്എംഇകൾ, ഗ്രൂമിംഗ് ഏജൻസികൾ, കൗൺസിലിംഗും ക്യൂറേഷനും **സി)** തൊഴിൽദാതാക്കൾ, അഗ്രിഗേറ്ററുകൾ, ഫ്രീലാൻസ് തൊഴിൽ ദാതാക്കൾ എന്നിങ്ങനെ ലോകത്തിലെ ഏറ്റവും വലിയ പ്രതിഭകളുടെ വിപണിയെയാണ് ഇത് ലക്ഷ്യമിടുന്നത്.

തൊഴിലന്വേഷകരുടെ 360-ഡിഗ്രി സൈക്കോമെട്രിക് വിശകലനവും അവരുടെ കരിയർ പ്രൊഫൈലിംഗും, ഭാഷാ പരിശീലനവും വ്യക്തിത്വ വികസനവും, AI/MLഅധിഷ്ഠിത തൊഴിൽ പൊരുത്തപ്പെടുത്തലും, വർക്ക് നിയർ ഹോം, വർക്ക് ഫ്രം ഹോം, പ്രാദേശിക RTD മോഡലുകൾ എന്നിവ സൃഷ്ടിക്കുന്നതിനുള്ള ശക്തമായ വികേന്ദ്രീകൃത ഭരണസംവിധാനവും ഡി ഡബ്ള്യു എം എസ് വാഗ്ദാനം ചെയ്യുന്നു. ഈ സംവിധാനത്തിൽ നിലവിൽ 11,35,571 തൊഴിലന്വേഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒപ്പം ആകെ 3,54,749 ഒഴിവുകൾ സമാഹരിക്കുകയും ചെയ്തിട്ടുണ്ട്.

എല്ലാ തൊഴിലന്വേഷകർക്കും AI-ML അടിസ്ഥാനമാക്കിയുള്ള കരിയർ ഇൻക്ലിനേഷൻ സർവേയും റോബോട്ടിക് ഇന്റർവ്യൂവും നടത്തി അവരുടെ പ്രൊഫൈലുകൾ സമ്പന്നമാക്കി മുൻഗണനകൾ വ്യക്തമാക്കാനും കഴിയും. ഇത് അവരുടെ കഴിവുകളെ അടിസ്ഥാനമാക്കി അനുയോജ്യമായ ഇടം കണ്ടെത്താനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.

തൊഴിലന്വേഷകന്റെ വീഡിയോ പ്രൊഫൈൽ തയ്യാറാക്കുന്നതിനായി DWMS പ്ലാറ്റ്ഫോമിൽ നടത്തുന്ന റോബോട്ടിക് മോക്ക് ഇന്റർവ്യൂ ആണ് ആദ്യ പടി. ഇത് 3 മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ അഭിമുഖമാണ്. ഈ ഇന്റർവ്യൂ വീഡിയോ റെക്കോർഡ് ചെയ്യപ്പെടുകയും ഉദ്യോഗാർത്ഥികളുടെ ചുരുക്കപ്പട്ടിക തയ്യാറാക്കാൻ തൊഴിൽദാതാക്കളെ സഹായിക്കുകയും ചെയ്യുന്നു.

കൃത്യമായ കാൻഡിഡേറ്റ് പ്രൊഫൈൽ സൃഷ്ടിക്കുന്നതിനുള്ള സൈക്കോമെട്രിക് പരിശോധനയാണ് അടുത്ത ഘട്ടം. ഒരാളുടെ സ്വഭാവം, ശക്തി, ബലഹീനത, പെരുമാറ്റ രീതികൾ എന്നിവയും മറ്റും മനസ്സിലാക്കാൻ മുഖനിർണ്ണയം സഹായിക്കുന്നു. ആളുകളുടെ ബൗദ്ധിക നിലകളെക്കുറിച്ചും വിവിധ കഴിവുകളോടും താൽപ്പര്യങ്ങളോടുമുള്ള അഭിരുചികളെക്കുറിച്ചും ആഴത്തിലുള്ള ഉൾക്കാഴ്ച നേടാൻ MIO വിലയിരുത്തൽ സഹായിക്കുന്നു. ഈ ടെസ്റ്റുകളിൽ നിന്ന് ശേഖരിച്ച വിവരങ്ങളിൽ നിന്ന്, നിങ്ങൾ ആരാണെന്നും ഏത് കരിയറാണ് നിങ്ങളുമായി പൊരുത്തപ്പെടുന്നതെന്നും വിശദീകരിക്കുന്ന ഒരു സൈക്കോമെട്രിക് മോഡൽ സൃഷ്ടിക്കപ്പെടും.

തൊഴിലന്വേഷകർക്ക് ഭാഷയിലുള്ള പ്രാവീണ്യത്തിന്റെ നിലവാരം മനസ്സിലാക്കുന്നതിനായി ആപ്പ് അടിസ്ഥാനമാക്കിയുള്ള ഇംഗ്ലീഷ് പ്രാവീണ്യ പരീക്ഷയെന്ന നിലയിൽ ഒരു ഇംഗ്ലീഷ് സ്കോർ അസെസ്മെന്റും നൽകുന്നു. ഈ മൊഡ്യൂളിൽ ഭാഷാവൈദഗ്ധ്യവും സംസാരശേഷിയും വിലയിരുത്തപ്പെടുന്നു.

തൊഴിലന്വേഷകരെ അവരുടെ ജോലിസ്ഥലത്തെ ആശയവിനിമയം, വ്യക്തിഗത വൈദഗ്ധ്യം, മൊത്തത്തിലുള്ള വ്യക്തിത്വ വികസനം എന്നിവ മെച്ചപ്പെടുത്തുന്നതിനാണ് ഇംഗ്ലീഷ് ഭാഷയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് വ്യക്തിത്വ വികസന പരിശീലനം (PDT) മൊഡ്യൂൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഒരു തൊഴിലന്വേഷകന് 16 മണിക്കൂർ ഓൺലൈൻ ആശയവിനിമയ പരിശീലനം ലഭിക്കുന്നു. അവർക്ക് DWMS വഴി സൗകര്യപ്രദമായ ഒരു സമയം തിരഞ്ഞെടുക്കാനാകും.

പുതിയ തൊഴിൽ ആശയങ്ങൾക്കും മാറ്റങ്ങൾക്കും അനുസരിച്ച് കേരളത്തിലെ തൊഴിലന്വേഷകരെ പരിശീലിപ്പിക്കുന്നതിനായി DWMS പ്ലാറ്റ്ഫോമിൽ നൈപുണ്യ പരിശീലന വ്യവസ്ഥയും സംയോജിപ്പിച്ചിട്ടുണ്ട്. അസാപ് കേരള, ഐസിടി അക്കാദമി, കുടുംബശ്രീ തുടങ്ങി വിവിധ സർക്കാർ നൈപുണ്യ ഏജൻസികൾ വഴിയാണ് നൈപുണ്യ പരിശീലനം സാധ്യമാക്കുന്നത്. നിലവിൽ 144 കോഴ്സുകൾ DWMS പ്ലാറ്റ്ഫോമിൽ അംഗീകരിക്കുകയും അവയെല്ലാം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

DWMS പോർട്ടലിലൂടെ പ്ലെയ്സ്മെന്റ് പ്രക്രിയയ്ക്ക് വിധേയരായ തൊഴിലന്വേഷകർക്ക് അവസാന അഭിമുഖത്തിൽ പങ്കെടുക്കുന്നതിനുമുമ്പ് ഒരു സൗജന്യ വർക്ക് റെഡിനെസ് പ്രോഗ്രാം ലഭിക്കുന്നുണ്ട്. ഇന്റർവ്യൂ മര്യാദകൾ, ആത്മവിശ്വാസം വളർത്തൽ, ഗ്രൂപ്പ് ഡിസ്കഷൻ, മോക്ക് ഇന്റർവ്യൂ തുടങ്ങിയവയിൽ പരിശീലനം നൽകുന്നതിനൊപ്പം അവരുടെ അഭിമുഖ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി 15 മണിക്കൂർ ഓഫ്‌ലൈൻ ഗ്രൂമിംഗ് സെഷനുകളും മൊഡ്യൂളിൽ ഉൾപ്പെടുന്നു. ഇത് തൊഴിലന്വേഷകനെ ആത്മവിശ്വാസത്തോടെ അഭിമുഖത്തിൽ പങ്കെടുക്കാൻ സഹായിക്കും. ഓഫ്‌ലൈനായി നടത്തുന്ന പരിശീലനത്തിന്റെ ദൈർഘ്യം 5 മണിക്കൂർ വീതം 3 ദിവസമാണ്.

## DWMSന് ഇനിപ്പറയുന്ന സവിശേഷതകളും ഉണ്ട്:

- നേരിട്ട് പോസ്റ്റ് ചെയ്യുന്ന ജോലികളിലേക്കും അസൈൻമെന്റുകളിലേക്കും അതുപോലെ തന്നെ DWMSലേക്ക് സംയോജിപ്പിച്ചിരിക്കുന്ന എല്ലാ പ്ലാറ്റ്ഫോമുകളിലേക്കും തൊഴിലന്വേഷകർക്ക് പ്രവേശനമുള്ളതിനാല് അവസരങ്ങളുടെ വലിയൊരു ലോകത്തേക്കുള്ള വാതായനമാണ് തുറക്കുന്നത്.
- മറ്റ് പ്ലാറ്റ്ഫോമുകളിൽ നിന്ന് വ്യത്യസ്തമായി, ഒരു കക്ഷിക്ക് മാത്രം അന്യായമായി ലഭിക്കുന്ന മത്സര നേട്ടങ്ങളും ഒരു കമ്പനി തൊഴിലന്വേഷകരെ ചൂഷണം ചെയ്യുന്നതും ഒഴിവാക്കുന്നു.
- വിജ്ഞാന പ്രവർത്തകരുടെ നിഷ്ക്രിയ സമയവും ഉപജീവനവും പോലുള്ള അനിശ്ചിതത്വങ്ങൾ ഈ പ്ലാറ്റ്ഫോമിൽ തന്നെ പരിഗണിക്കപ്പെടുന്നതിനാൽ DWMSൽ പ്രതിഭകളുടെ തുടർച്ചയായ ലഭ്യത ഉറപ്പാകുന്നു.
- ആഗോള പ്ലാറ്റ്ഫോമുകളിൽനിന്ന് ഉയർന്ന മൂല്യമുള്ള കരാറുകൾ നേടുന്നതിനുമുമ്പ് താൽപ്പര്യമുള്ള ഫ്രീലാൻസ് ഉദ്യോഗാർത്ഥികൾക്ക് ഒരു എൻട്രി ലെവൽ അവസര ദാതാവായി ഇത് പ്രവർത്തിക്കുന്നു. ഇത് സംസ്ഥാനത്തെ ടാലന്റ് പൂളിന്റെ തൊഴിലില്ലായ്മ/കുറഞ്ഞ വേതനം ഇല്ലാതാക്കാൻ സഹായിക്കും.
- ഈ പ്ലാറ്റ്ഫോം പ്രാദേശിക തലത്തിൽ (പ്രത്യേകിച്ച് സ്റ്റാർട്ടപ്പുകൾക്കും എം എസ് എം ഇ കൾക്കും) ഫ്രീലാൻസിംഗിനുള്ള ഒരു സഹായിയായി മാറും, അതുവഴി സംസ്ഥാനത്തെ കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് ഫ്രീലാൻസ് ജോലി സാധ്യത വർദ്ധിപ്പിക്കും.

## ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) പങ്കാളികൾ

ഐസിടി അക്കാദമി ഓഫ് കേരള | ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള | അസാപ് കേരള | കേരള അക്കാദമി ഓഫ് സ്കിൽ എക്സലൻസ് | കുടുംബശ്രീ മിഷൻ | നോർക്ക റൂട്സ്

ലൈഫോളജി | സാപ്പിഹയർ | ഒറൈസിസ് ഇൻഡ്യ | റിയാഫി | ട്രാൻസ്ന്യൂറോൺ

ബ്രിട്ടീഷ് കൗൺസിൽ | ഫൗണ്ടിറ്റ് | ലിങ്ക്ഡ്ഇൻ | അവൈൻ | ടിസീക്ക് | കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രി (CII)


# കെ കെ ഇ എം കോർ ടീം



**ഡോ. കെ.എം.എബ്രഹാം**
*എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, കെ-ഡിസ്ക്*



**ഡോ.പി.വി. ഉണ്ണിക്കൃഷ്ണൻ**
*മെമ്പർ സെക്രട്ടറി, കെ-ഡിസ്ക്*



**ബിജു പരമേശ്വരൻ**
*പ്രോഗ്രാം കൺസൾട്ടന്റ്, കെ-ഡിസ്ക്*



**ഡോ. സജി ഗോപിനാഥ്**
*വൈസ് ചാൻസലർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി*



**ഡോ. മധുസൂദനൻ സി.**
*സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, കെകെഇഎം*



**ശ്രീ. സന്തോഷ് കുറുപ്പ്**
*സിഇഒ ഐസിടി അക്കാദമി ഓഫ് കേരള*



**ഡോ. പി. എസ്. ശ്രീകല**
*ഡയറക്ടർ, കെ കെ ഇ എം*



**ശ്രീ. അനൂപ് അംബിക**
*സിഇഒ, കേരള സ്റ്റാർട്ടപ് മിഷൻ*



**ഡോ. അരുൺ സുരേന്ദ്രൻ**
*പ്രിൻസിപ്പൽ, ട്രിനിറ്റി കോളജ് ഓഫ് എൻജിനീയറിംഗ്*



**പി.എം. റിയാസ്**
*ജനറൽ മാനേജർ, കെകെഇഎം*



**ശ്രീ. ആർ. അജിത് കുമാർ**
*ഡയറക്ടർ (സെന്റർ ഫോർ ഡിജിറ്റൽ ഇന്നൊവേഷൻ ആൻഡ് പ്രോഡക്ട് ഡവലപ്മെന്റ്), അസി. പ്രൊഫസർ, കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി*



# കേരള നോളജ് ഇക്കണോമി മിഷൻ




ഇന്ത്യൻ സംസ്ഥാനങ്ങളിൽവച്ച് കേരളത്തിന് മാനവവിഭവശേഷി വികസനത്തിൽ കുറ്റമറ്റ പേരാണ് ഉള്ളത്. കുട്ടികളുടെ ആരോഗ്യം ഉറപ്പുവരുത്തുന്നതിലും, യുവാക്കളെ പഠിപ്പിക്കുന്നതിലും, സ്ത്രീകളെ ശാക്തീകരിക്കുന്നതിലും, ജനാധിപത്യ വൽക്കരിക്കുന്ന ഭരണസംവിധാനത്തിലും, ഏറ്റവും മെച്ചപ്പെട്ടവയുമായി താരതമ്യം ചെയ്യാവുന്ന ജീവിതനിലവാരം പ്രദാനം ചെയ്യുന്നതിലും ഒക്കെ പരക്കെ പ്രശംസിക്കപ്പെടുന്ന കേരളത്തിന്റെ വിജയം, ആഗോളതലത്തിൽ അക്കാദമിക് വിദഗ്ധർ, ആസൂത്രകർ, ചിന്തകർ എന്നിവരിൽ നിന്നൊക്കെ പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്.

ശക്തമായ ശാസ്ത്രീയ മനോഭാവം, ലിംഗസമത്വം, സാമൂഹികവും സാമ്പത്തികവുമായ ചലനാത്മകത, പ്രതിരോധശേഷിയുള്ള വികേന്ദ്രീകൃത ഭരണ ചട്ടക്കൂട്, അഗാധമായ പാരിസ്ഥിതിക ചട്ടക്കൂട്, ജനാധിപത്യ ജീവിതരീതിയോടുള്ള അചഞ്ചലമായ പ്രതിബദ്ധത എന്നിവയാൽ ഉറപ്പിക്കപ്പെട്ട ഒരു ആധുനിക സമൂഹമായി കേരളത്തെ പരിണമിപ്പിക്കാൻ വിമോചന രാഷ്ട്രീയത്തിന്റെ തിളങ്ങുന്ന പൈതൃകവും സമത്വം, വിതരണ നീതി, നവോത്ഥാന മൂല്യങ്ങൾ എന്നിവയോടുള്ള അചഞ്ചലമായ പ്രതിബദ്ധതയും നമ്മെ സഹായിച്ചു.

## വിജ്ഞാന സമ്പദ്‌വ്യവസ്ഥ – കേരളത്തിന്റെ യുക്തി

കേരളത്തിന്റെ ജനസാന്ദ്രത, വലിയ തോതിലുള്ള ചരക്ക് ഉൽപ്പാദനത്തിന് ആവശ്യമായ ഭൂമിയുടെ ദൗർലഭ്യവും അസംസ്കൃത വസ്തുക്കളുടെയും ഫോസിൽ ഇന്ധന സ്രോതസ്സുകളുടെയും അഭാവവും, പരസ്പരബന്ധിതമായ ജലപാതകളും ആവാസ വ്യവസ്ഥയും ഒക്കെ കണക്കിലെടുക്കുമ്പോൾ വ്യാവസായിക മലിനീകരണത്തിന് ഇരയാകാനുള്ള സാധ്യത എന്നിവയൊക്കെ സംസ്ഥാനത്ത് ഇടത്തരവും വലുതുമായ വ്യവസായങ്ങൾ ശക്തമായി ഉയർന്നുവരുന്നതിന് തടസ്സമായി നിൽക്കുന്നു. വിദ്യാഭ്യാസത്തിലും മാനവവികസനത്തിലും സംസ്ഥാനം വൻതോതിൽ നിക്ഷേപം നടത്തുകയും, യുവജനങ്ങളിൽ പുരോഗമനപരമായ ലോകവീക്ഷണം വളർത്തിയെടുക്കുകയും രാജ്യത്തിനകത്തും പുറത്തും തൊഴിൽ ഉറപ്പാക്കുന്നതിനുള്ള വൈദഗ്ധ്യം നൽകുകയും ചെയ്യുന്ന ഒരു മതേതര ജനാധിപത്യ സമൂഹമായി ഉയർന്നുവരികയും ചെയ്യുന്നു. ഈ നിക്ഷേപം ആഗോള തൊഴിൽ വിപണിയുടെ വ്യതിയാനങ്ങൾക്ക് വിധേയമായിരുന്നു.

ഇൻഫർമേഷൻ ടെക്നോളജി പാർക്കുകളുടെ ഒരു നിരതന്നെ സ്ഥാപിച്ചും, പൊതുമേഖലയിൽ കുറച്ച് നിക്ഷേപം നടത്തിയും, ടൂറിസം പോലുള്ള ഉദിച്ചുയരുന്ന വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ചും, കിഫ്ബി പോലുള്ള സംവിധാനങ്ങളിലൂടെ അടിസ്ഥാന സൗകര്യ വികസനത്തിലെ പിന്നാക്കാവസ്ഥകൾ പരിഹരിച്ചും നിർണായക വിടവുകൾ കേരളം പരിഹരിക്കുന്നത് കഴിഞ്ഞ കുറച്ച് വർഷങ്ങളായി കാണാം. സംസ്ഥാനത്തിന്റെ വൻതോതിലുള്ള തൊഴിലില്ലായ്മ വെല്ലുവിളിക്ക് ഉത്തരം കണ്ടെത്തുന്നതിന് ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്ന ഒരു സമ്പൂർണ്ണ വിജ്ഞാന സമ്പദ്‌വ്യവസ്ഥയുടെ അടുത്ത ഘട്ടത്തിലേക്ക് മാറാനുള്ള സമയമാണിത്.

വ്യാവസായിക തൊഴിലുകൾക്ക് സജ്ജരായ, നൈപുണ്യവും പരിശീലനവും നേടിയ മനുഷ്യവിഭവശേഷിയുടെ കൂട്ടത്തേയും ചിതറിയ നഗരവൽക്കരണത്തേയും സംസ്ഥാനത്തെ എസ് ആന്റ് ടി സ്ഥാപന ശൃംഖലകൾ സൃഷ്ടിച്ച സാങ്കേതിക സംരംഭങ്ങൾക്ക് ഉതകുന്ന ആവാസവ്യവസ്ഥയേയും ഉപയോഗപ്പെടുത്തിയുള്ള ഹൈ-ടെക് നിർമ്മാണ മേഖലയിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെയും സ്റ്റാർട്ടപ്പുകളുടെയും വളർച്ച സി. ബാലഗോപാലിന്റെ 'ബിലോ ദ റഡാർ – ദി അൺടോൾഡ് സ്റ്റോറി ഓഫ് ഹൗ മോഡേൺ മാനുഫാക്ചറിംഗ് ഗ്രൂ ബൈ സ്റ്റെൽത്ത് ഇൻ കേരള' എന്ന പുസ്തകത്തിൽ മനോഹരമായി വരച്ചിട്ടിട്ടുണ്ട്.

## കേരള നോളജ് ഇക്കണോമി മിഷൻ (കെ കെ ഇ എം)

പബ്ലിക് സർവീസ് കമ്മീഷൻ (പി എസ്സ് സി) അല്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പോലുള്ള പരമ്പരാഗത തൊഴിൽദാന ചാനലുകൾക്കപ്പുറം തൊഴിലില്ലായ്മയുടെ വെല്ലുവിളി നേരിടാൻ കേരള സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വരുന്ന 5 വർഷത്തിനുള്ളിൽ ഏകദേശം 2 ദശലക്ഷം ആളുകൾക്ക് തൊഴിൽ കണ്ടെത്തുക എന്നതാണ് വെല്ലുവിളി. പിന്തുണയ്ക്കാൻ ശക്തമായ ഒരു സാമൂഹിക അടിത്തറയും ഉയർത്തിപ്പിടിക്കാൻ ശക്തമായ സാങ്കേതിക കെട്ടുപാടും ഉള്ള നൂതനവും സാമൂഹിക-അധിഷ്ഠിതവും പൊതുജനങ്ങളെ അഭിമുഖീകരിക്കുന്നതുമായ പങ്കാളിത്ത സംരംഭങ്ങളിലൂടെ മാത്രമേ ഇത് നിറവേറ്റാൻ കഴിയൂ.

ഗവൺമെന്റിനെ പ്രതിനിധീകരിച്ച് ഈ ദൗത്യം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി തൊഴിലന്വേഷിക്കുന്ന യുവാക്കളാണോ, വീട്ടിലിരിക്കുന്നവരാണോ, കരിയർ ബ്രേക്ക് വന്ന പ്രൊഫഷണലുകളാണോ, ഭിന്നശേഷിക്കാരാണോ എന്നൊന്നും പരിഗണിക്കാതെ ആഗ്രഹവും കഴിവുമുള്ള എല്ലാ വ്യക്തികളെയും അവർക്ക് ഇഷ്ടമുള്ള വിഷയമേഖലകളുമായി ബന്ധപ്പെട്ട സാങ്കേതികവിദ്യകളിൽ പരിശീലനം നേടാനും അത്തരം അറിവ് പ്രയോജനപ്പെടുത്തുന്ന തൊഴിൽ ഉറപ്പാക്കാനും സാധിക്കുന്ന തരത്തിൽ വിദ്യാഭ്യാസം, പരിശീലനം, നൈപുണ്യവൽക്കരണം, തൊഴിൽ എന്നിവയുടെ ഒരു ചട്ടക്കൂട് കെട്ടിപ്പടുക്കാൻ കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്) പ്രവർത്തിച്ചു.

അക്കാദമിക സ്ഥാപനങ്ങളിലോ പൊതുസ്ഥാപനങ്ങളിലോ കൂട്ടിച്ചേർക്കുന്ന ശ്രദ്ധാപൂർവ്വം നിർമ്മിച്ചെടുത്ത സാങ്കേതിക ചട്ടക്കൂട് ഉപയോഗിച്ച് സംസ്ഥാന വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക എന്ന വിശാലമായ ലക്ഷ്യം കേരള നോളജ് ഇക്കണോമി മിഷൻ (കെകെഇഎം) ഉണ്ട്. അവർക്ക് ലാഭകരമായ പ്രൊഫഷണൽ ഇടപാടുകളുടെ ലോകത്തേക്ക് പ്രവേശിക്കുന്നതിന് പൊതുവായി നിയന്ത്രിക്കുന്ന ഒരു പ്ലാറ്റ്ഫോം ഈ ചട്ടക്കൂട് നൽകും. പൊതുവായി കൈകാര്യം ചെയ്യുന്ന ഇന്റർഫേസിന്റെ പരിധിയിൽ നിൽക്കുമ്പോഴും അവർക്ക് പ്രതിഫലം ലഭിക്കും വിധം വ്യക്തിഗതമായി നിൽക്കാനും സാധിക്കും.

# സമഗ്രമായ സ്ട്രാറ്റജിയുടെ സവിശേഷതകൾ

• കുടുംബശ്രീ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ ഫീൽഡ്–ലെവൽ ഓപ്പറേറ്റിംഗ് സ്ഥാപനങ്ങൾ, ദേശീയ – സംസ്ഥാന–സ്വകാര്യ നൈപുണ്യ ഏജൻസികൾ, വ്യവസായ അസോസിയേഷനുകൾ, വ്യവസായ സ്ഥാപനങ്ങൾ, സർവകലാശാലകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഗവേഷണ വികസന സ്ഥാപനങ്ങൾ തുടങ്ങിയവയുമായി ചേർന്ന് പ്രോഗ്രാമിന്റെ നടത്തിപ്പുകാരെന്ന നിലയിൽ കെ–ഡിസ്ക് പ്രവർത്തിക്കുകയും ഫലത്തെ അടിസ്ഥാനമാക്കിയുള്ള പങ്കാളിത്തം സ്ഥാപിക്കുകയും ചെയ്യും.

• ഡിജിറ്റൽ പരിവർത്തനം, ഫ്രീലാൻസ് തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കൽ, ഗവേഷണ വികസന തൊഴിലുകളും കഴിവുകളും തുടങ്ങിയ പുതിയ മേഖലകളുടെ സഹ–സൃഷ്ടിയിൽ കെ–ഡിസ്ക് സ്ഥാപനങ്ങളുമായി ചേർന്ന് പ്രവർത്തിക്കും.

• അഡീഷണൽ സ്കിൽസ് അക്വിസിഷൻ പ്രോഗ്രാം (അസാപ്), കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കെഎഎസ്ഇ), ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻസ് ടെക്നോളജി (ഐസിടി) അക്കാദമി, ഡിജിറ്റൽ യൂണിവേഴ്സിറ്റി, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ (ഐടിഐ), ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പരിശീലന സേവന ദാതാക്കൾ തുടങ്ങിയ സ്ഥാപനങ്ങൾ നൈപുണ്യമുള്ള വിജ്ഞാന തൊഴിലാളികൾക്ക് അവരുടെ കഴിവുകൾ വർദ്ധിപ്പിക്കുന്നതിന് അവസരങ്ങൾ നൽകുന്നു.

• പരിശീലന സേവന ദാതാക്കളും നൈപുണ്യ പങ്കാളികളും വിതരണമാതൃകയിൽ പ്രവർത്തിക്കുന്നതിനാൽ അവർക്ക് KKEMന്റെ പങ്കാളികളായ KASE, ASAP, ICT അക്കാദമി എന്നിവയുമായി ബന്ധപ്പെടുത്തി ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) വഴി വരുന്ന ഉദ്യോഗാർത്ഥികളെ പരിശീലിപ്പിക്കാം.

• വിജ്ഞാന പരിവർത്തനത്തിലൂടെ പ്രാദേശിക വിപണി സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിന്റെ വിപണി സാഹചര്യങ്ങളുടെ സാധ്യതകളും ശക്തികളും സംയോജിപ്പിച്ച് ഗവേഷണത്തെ അടിസ്ഥാനമാക്കി ഒരു പ്രത്യേക വിജ്ഞാന പരിവർത്തന റോഡ്മാപ്പ് ഡോക്യുമെന്റിൽ തയ്യാറാക്കിയിട്ടുണ്ട്.

• താഴേത്തട്ടിലുള്ള സമൂഹങ്ങൾക്കിടയിൽ ഒരു പ്രസ്ഥാനമായി കെകെഇഎമ്മിനെ നയിക്കാനും സ്ഥിരമോ, റിമോട്ടോ അല്ലെങ്കിൽ ഫ്രീലാൻസോ ആയ വിജ്ഞാനാധിഷ്ഠിതതൊഴിൽ സംസ്കാരം സൃഷ്ടിക്കുന്നതിന് ഊർജം പകരാനും ഒരു തൃണതല സമാഹരണ പരിപാടി ഉദ്ദേശിക്കുന്നു.

• പൊതുവായ അവബോധ പരിപാടി, തൊഴിൽ വികസന പരിപാടി, റിമോട്ട് വർക്ക്ഫോഴ്സ് ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ ഒന്നിലധികം ഇടപെടലുകളിലൂടെ തൊഴിലന്വേഷകർക്ക് ക്യൂറേഷൻ, കൗൺസിലിംഗ്, മെന്ററിങ്ങ് എന്നിവയുടെ വിതരണം ചെയ്ത മാതൃകയും ലഭ്യമാക്കുന്നു.

• ഫ്രീലാൻസ് തൊഴിലാളികൾക്ക് അവരുടെ ചൂഷണത്തെക്കുറിച്ചുള്ള വർദ്ധിച്ചുവരുന്ന ആശങ്ക പരിഹരിക്കുന്നതിനും അവർക്ക് സാമ്പത്തിക ഉപജീവനം നൽകുന്നതിനുമായി പ്ലാറ്റ്ഫോം സഹകരണസംഘങ്ങൾ.

• വ്യവസായ സ്ഥാപനങ്ങൾ, ജോലി–തൊഴിൽ പ്ലാറ്റ്ഫോമുകൾ, റിക്രൂട്ടർമാർ, തൊഴിൽ ദാതാക്കൾ തുടങ്ങിയവരുമായി നേരിട്ട് ഇടപഴകുന്നതിലൂടെ സമഗ്രമായ ഒരു ഡിമാൻഡ് അഗ്രഗേഷൻ പ്രോഗ്രാം.

• ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) എന്ന വഴങ്ങുന്നതും, ഉയർത്തപ്പെട്ടതും ചടുലവുമായ സാങ്കേതിക പ്ലാറ്റ്ഫോം സൃഷ്ടിക്കുന്നതിലൂടെ മറ്റ് പ്ലാറ്റ്ഫോമുകളെ അണിനിരത്താനും ജോലി ദാതാവിനെയും തൊഴിലന്വേഷകരെയും മൂന്നാം കക്ഷി സംവിധാനങ്ങളിലൂടെ സംയോജിപ്പിക്കുന്നതിനും സൗകര്യമൊരുക്കും.

• പ്രോഗ്രാമിന്റെ പ്രാരംഭ ഫണ്ടിംഗിനായി സംസ്ഥാന പ്ലാൻ ഫണ്ടുകൾ, കിഫ്ബി, എഡിബി പോലുള്ള അന്താരാഷ്ട്ര ഫണ്ടിംഗ് സ്ഥാപനങ്ങൾ എന്നിവ ഉപയോഗപ്പെടുത്തുന്ന ഒരു സ്വയം–സുസ്ഥിര ധനസഹായ മാതൃക.

## KKEM തൊഴിലരങ്ങത്തേക്ക്



# മഴവില്ല്



## ഐആർടിസി പാലക്കാട്

ഐആർടിസി മഴവില്ലു കൂടാരം 2023 ജനുവരി 8–ന് മലമ്പുഴ ഗാർഡൻ, അക്വേറിയം കോംപ്ലക്സ്, സ്നേക്ക് റിഹാബിലിറ്റേഷൻ സെന്റർ, റോക്ക് ഗാർഡൻ, ആർട്ട് ഗാലറി, പാലക്കാട് കോട്ട എന്നിവിടങ്ങളിലേക്ക് കുട്ടികൾക്കായി ഒരു പഠന ടൂർ നടത്തി. 30 കുട്ടികൾക്കും 4 ജൂനിയർ പ്രോഗ്രാം എക്സിക്യൂട്ടീവുകൾക്കും 5 വോളന്റിയർമാർക്കും വിജ്ഞാനവും വിനോദവും സമന്വയിപ്പിച്ചുള്ള ഒരു മികച്ച അനുഭവം ഈ യാത്ര നൽകി.

## ശാസ്ത്രാധ്യാപകരുമായുള്ള കൂടിക്കാഴ്ച



കുട്ടികളിലെ പഠനപരവും പെരുമാറ്റപരവുമായ മാറ്റങ്ങളെക്കുറിച്ച് അവരിൽ നിന്നുതന്നെ പഠിക്കുന്നതിനായി 2023 ഡിസംബർ 13–ന് ഐആർടിസി മഴവില്ലു കൂടാരത്തിൽ ശാസ്ത്രാധ്യാപകരുമായി ഒരു കൂടിക്കാഴ്ച നടത്തി. മഴവില്ല് കോർ കമ്മിറ്റി അംഗം പ്രൊഫ. പി.കെ. രവീന്ദ്രൻ യോഗത്തിന് നേതൃത്വം നൽകി. കുട്ടികളെക്കുറിച്ചും മഴവില്ല് പദ്ധതിയെക്കുറിച്ചും അധ്യാപകർ അനുഭവങ്ങളും അഭിപ്രായങ്ങളും പങ്കുവച്ചു.

## കെഎഫ്ആർഐ തൃശൂർ





### മഴവിൽ കുട്ടികൾക്കായി ലൈബ്രറി ഉദ്ഘാടനം ചെയ്തു

കുട്ടികളിലെ വായനാശീലം പ്രോത്സാഹിപ്പിക്കുന്നതിനായി, പീച്ചിയിലെ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മഴവില്ലു കൂടാരത്തിൽ പ്രശസ്ത ബാലസാഹിത്യകാരന്മാരുടെ നൂറിലധികം പുസ്തകങ്ങളുള്ള ലൈബ്രറി ആരംഭിച്ചു. 2022 ഡിസംബർ 23–ന് ലൈബ്രറി ഉദ്ഘാടനം ചെയ്തുകൊണ്ട് KFRIയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റും എഴുത്തുകാരനുമായ ഡോ. എ.വി.രഘു, വായന ഒരു ശീലമാക്കാനും ഭാവനാത്മകമായി ചിന്തിച്ച് അതിന്റെ സൗന്ദര്യം ആസ്വദിക്കാനും കുട്ടികളോട് പറഞ്ഞു. കെഎഫ്ആർഐ ഡയറക്ടർ ഡോ.ശ്യാം വിശ്വനാഥും കെഎഫ്ആർഐ ചീഫ് സയന്റിസ്റ്റും പ്രോജക്ട് മഴവില്ലിന്റെ അക്കാദമിക് കോർഡിനേറ്ററുമായ ഡോ.ടി.വി.സജീവും വായനാനുഭവങ്ങൾ പങ്കുവച്ചു.

# കെഎഫ്ആർഐയിൽ നടന്ന പി ടി ഭാസ്കര പണിക്കർ അനുസ്മരണ പ്രഭാഷണത്തിൽ മഴവിൽ കുട്ടികൾ പങ്കെടുത്തു





35–ാമത് കേരള ശാസ്ത്ര കോൺഗ്രസിന് മുന്നോടിയായി കെ.എസ്.സി.എസ്.ടി.ഇ.യും കെ.എഫ്.ആർ.ഐ.യും ചേർന്ന് സംഘടിപ്പിച്ച പി.ടി. ഭാസ്കര പണിക്കർ അനുസ്മരണ പ്രഭാഷണത്തിൽ മഴവിൽ കുട്ടികൾ പങ്കെടുത്തു. 2023 ജനുവരി 17–ന് കെഎഫ്ആർഐ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ പ്രൊഫ. സി. പി. അരവിന്ദാക്ഷൻ അനുസ്മരണ പ്രഭാഷണം നടത്തി. അതിനു ശേഷം നജീം കെ സുൽത്താൻ അവതരിപ്പിച്ച 'ശാസ്ത്ര കൗതുകം' എന്ന സെഷൻ അവർക്ക് വേറിട്ട അനുഭവമായി. ചെറിയ കളിപ്പാട്ടങ്ങൾക്ക് പിന്നിലെ ശാസ്ത്രീയ തത്വങ്ങളും ശാസ്ത്രം മനസ്സിലാക്കുമ്പോൾ ഉണ്ടാകുന്ന ചില തെറ്റിദ്ധാരണകളും അദ്ദേഹം രസകരമായി ചർച്ച ചെയ്തു.

## മീറ്റ് ദ സയന്റിസ്റ്റ് പ്രോഗ്രാം ആരംഭിച്ചു



കുട്ടികളിൽ ഗവേഷണ മനോഭാവവും വിശാലമായ കാഴ്ചപ്പാടുകളും വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മഴവില്ലു കൂടാരം 'മീറ്റ് ദ സയന്റിസ്റ്റ്' എന്ന പരിപാടി ആരംഭിച്ചു. ഈ പ്രോഗ്രാമിന്റെ മൂന്ന് സെഷനുകൾ ഇതിനകം പൂർത്തിയായി. വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ച കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞരായ സൂര്യ എസ്., ഡോ. ജിത്തു യു. കൃഷ്ണൻ, അരുൺ വി.ആർ. എന്നിവർ കുട്ടികളുമായി അവരുടെ ഗവേഷണ മേഖലകളെക്കുറിച്ച് സംവദിച്ചു.

## മഴവിൽ കുട്ടികളുടെ അധ്യാപകർക്കുള്ള ശിൽപശാല

പ്രോജക്ട് മഴവില്ലിന്റെ അഞ്ച് പഠന കേന്ദ്രങ്ങളിലൊന്നായ പീച്ചിയിലെ കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ 2023 ജനുവരി 13ന് മഴവിൽ വിദ്യാർത്ഥികളുടെ അധ്യാപകർക്കായി ഒരു ഏകദിന ശിൽപശാല സംഘടിപ്പിച്ചു. സമീപത്തെ അഞ്ച് സ്കൂളുകളിലെ അധ്യാപകർ ഈ ശിൽപശാലയിൽ പങ്കെടുത്തു. നിലവിലെ ശാസ്ത്ര വിദ്യാഭ്യാസത്തെക്കുറിച്ചുള്ള അനുഭവങ്ങളും അഭിപ്രായങ്ങളും അധ്യാപകർ പങ്കുവെച്ചു.



# യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം

## വൈ ഐ പി ശാസ്ത്രപഥം

വൈ ഐ പി ശാസ്ത്രപഥം പരിപാടിയിലെ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ആശയ സമർപ്പണം 2023 ജനുവരി 28ന് അവസാനിച്ചു. സംസ്ഥാനത്തുടനീളമുള്ള ഹൈസ്കൂളുകൾ, ഹയർ സെക്കൻഡറി സ്കൂളുകൾ, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾ, സിബിഎസ്ഇ, ഐസിഎസ്ഇ സ്കൂളുകൾ എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥി ടീമുകൾ മൊത്തം 6447 ആശയങ്ങൾ സമർപ്പിച്ചു. പ്രാഥമിക വില യിരുത്തലിനു ശേഷം തിരഞ്ഞെടുക്കപ്പെടുന്ന ടീമുകൾ 2 ദിവസത്തെ ബ്ലോക്ക്തല ക്യാമ്പുകളിൽ പങ്കെടുക്കും. പരിപാടിയുടെ ഭാഗമായി 14 ജില്ലകളിലും ദ്വിദിന റെസിഡൻഷ്യൽ ട്രെയിൻ ദി ട്രെയിനർ പ്രോഗ്രാമുകൾ നടത്തി. കെ–ഡിസ്കും എസ്എസ്കെയും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്. സ്കൂളുകളിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ടീമുകൾക്കുള്ള ബ്ലോക്ക്തല ക്യാമ്പുകളിൽ ഫെബ്രുവരി ആദ്യവാരം പരിശീലനം നടത്തും.









പാലക്കാട് പ്രോഗ്രാം എക്സിക്യൂട്ടീവ്
ശ്രീ. കിരൺ ദേവ് അട്ടപ്പാടി അഗളിയിലെ വിദ്യാർത്ഥികളെ
വൈ ഐ പിയിൽ ഓറിയന്റ് ചെയ്യുന്നു

## ഐഇഡിസി ശിൽപശാല

വൈഐപി 5.0–ന്റെ ഭാഗമായി പ്രശ്ന പ്രസ്താവനകൾ സൃഷ്ടിക്കുന്നതിനുള്ള ജില്ലാതല വകുപ്പുതല ശില്പശാലകളുടെ മുന്നോടിയായി ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകളിലെ (ഐഇഡിസി) നോഡൽ ഓഫീസർമാർക്കായി ദ്വിദിന ഓറിയന്റേഷൻ ശില്പശാല നടത്തി. കൊളീജിയറ്റ് എജ്യുക്കേഷൻ ഡയറക്ടർ വി. വിഘ്നേശ്വരി ഐഎഎസ് ശിൽപശാലയെ അഭിസംബോധന ചെയ്യുന്നു. മൃഗ സംരക്ഷണ വകുപ്പിലെ ഡോ. ഷജിൽ, ഫിഷറീസ് വകുപ്പിൽ നിന്നുള്ള ഇഗ്നേഷ്യസ് മൺറോ എന്നിവർ അതാത് മേഖല കളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് വിശദീകരിച്ചു.



തിരുവനന്തപുരത്ത് ഐ ഇ ഡി സി
ശിൽപശാലയിൽ പങ്കെടുത്തവർ



ഐഇഡിസി ശിൽപശാലയിൽ കൊളീജിയറ്റ്
എജ്യുക്കേഷൻ ഡയറക്ടർ വി.വിഘ്നേശ്വരി ഐഎഎസ്



മലബാർ ചേംബർ ഓഫ് കൊമേഴ്സിന്റെ അജയൻ കാവുങ്കൽ, മെഹബൂബ്, ഡോ.ഷാഹിൻ മുഹമ്മദ് എന്നിവരുമായി മെംബർ സെക്രട്ടറി കൂടിക്കാഴ്ച നടത്തിയപ്പോൾ

## കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ (KLF) കോഴിക്കോട്
### 12-15 ജനുവരി 2023




'കേരളം: സുസ്ഥിര വളർച്ചയ്ക്കുള്ള അജണ്ടകൾ' എന്ന സെഷനിൽ ഡോ. പി.വി. ഉണ്ണിക്കൃഷ്ണൻ.

## ദേശാഭിമാനിയുടെ 80-ാം വാർഷികാഘോഷം



18.01.2023 ന് തിരുവനന്തപുരത്ത് നിശാഗന്ധിയിൽ വച്ച് നടന്ന ദേശാഭിമാനി 80-ാം വാർഷിക മെഗാ ചടങ്ങിൽ കെ-ഡിസ്കിന്റെ പേരിലുള്ള മെമന്റോ സീനിയർ പ്രോഗ്രാം എക്സിക്യൂട്ടീവായ ലക്ഷ്മി കെ. ജെ. ഏറ്റുവാങ്ങുന്നു.

## ത്രിദിന റസിഡൻഷ്യൽ ക്യാമ്പ് ഉദ്ഘാടനം / ഭിന്നശേഷിയുള്ള യുവാക്കൾക്കുള്ള ടാലന്റ് സെർച്ച് 2023



## കേരള സ്കിൽസ് എക്സ്പ്രസിന്റെ തുടക്കം



# ഇന്നൊവേഷൻ സാങ്കേതികവിദ്യകൾ

## കേരള വാട്ടർ അതോറിട്ടി മൊബൈൽ ആപ്ലിക്കേഷനുകൾ പ്ലേസ്റ്റോറിൽ

നമ്മുടെ സംസ്ഥാനത്തെ ഒരു 'സമ്പൂർണ ഡിജിറ്റൽ ഭരണമുള്ള സംസ്ഥാനം' ആക്കാനുള്ള ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ കാഴ്ചപ്പാടിന് അനുസൃതമായി "കുടിവെള്ള വിതരണത്തിനായുള്ള ഉപഭോക്തൃ ബില്ലിംഗ് അപേക്ഷ" എന്ന പദ്ധതി കേരളാ വാട്ടർ അതോറിറ്റിയുമായി ചേർന്ന് കെ-ഡിസ്ക് നടപ്പിലാക്കി. 'K Meter', 'K Self' എന്നീ പേരുകളിൽ രണ്ട് പുതിയ മൊബൈൽ ആപ്ലിക്കേഷനുകളും ഉപഭോക്താക്കൾക്ക് നൽകുന്ന സേവനങ്ങൾ പരിഷ്കരിക്കുന്നതിനും ബിൽ ജനറേഷൻ പ്രക്രിയ ഡിജിറ്റൈസ് ചെയ്യുന്നതിനും ലക്ഷ്യമിട്ട് KWAയ്ക്കായി ഒരു വെബ് ആപ്ലിക്കേഷനും കെ-ഡിസ്ക് വികസിപ്പിച്ചെടുത്തിട്ടുണ്ട്.

തങ്ങൾക്ക് നൽകിയിട്ടുള്ള റൂട്ടുകളിൽ ഉപഭോക്താക്കൾക്കുള്ള ബില്ലുകൾ സൃഷ്ടിക്കാൻ കെ മീറ്റർ മൊബൈൽ ആപ്ലിക്കേഷൻ KWA മീറ്റർ റീഡർമാരെ പ്രാപ്തരാക്കുന്നു. ഈ ആപ്ലിക്കേഷൻ, വാട്ടർ ബില്ലുകൾ കൃത്യമായി തയ്യാറാക്കുന്നത് സുഗമമാക്കുകയും KWA യ്ക്കും ഉപഭോക്താക്കൾക്കും സ്പോട്ട് ബില്ലിംഗ് യാഥാർത്ഥ്യമാക്കുകയും ചെയ്യുന്നു. ക്യൂആർ കോഡ് ഉൾച്ചേർത്ത ബില്ലുകൾ ഉപഭോക്താക്കൾക്ക് എസ്എംഎസായി അയയ്ക്കുകയും യുപിഐ വഴി പേയ്മെന്റുകൾ നടത്താൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നു.

കൃത്യമായ ഇടവേളകളിൽ മീറ്റർ റീഡിംഗ് എടുക്കാനും അവരുടെ സ്വന്തം സൗകര്യത്തിന് തൽക്ഷണം ഓൺലൈൻ ബിൽ പേയ്മെന്റുകൾ നടത്താനും K Self മൊബൈൽ ആപ്ലിക്കേഷൻ ഉപഭോക്താക്കളെ അനുവദിക്കുന്നു. മീറ്റർ റീഡർമാരെ ആശ്രയിക്കാതെ KWA ബില്ലുകൾ കൈകാര്യം ചെയ്യാൻ ഉപഭോക്താക്കളെ പ്രേരിപ്പിക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോമാണിത്. തെറ്റുപറ്റിയാലും ബിൽ എസ്എംഎസായി ഉപഭോക്താക്കൾക്ക് അയക്കാൻ മീറ്റർ റീഡർമാർക്ക് സാധിക്കും.

ഈ മൊബൈൽ ആപ്ലിക്കേഷനുകൾക്ക് വാട്ടർ മീറ്ററുകളുടെ ഫോട്ടോ എടുക്കേണ്ടതുണ്ട്. ബില്ലുകൾ തയ്യാറാക്കുന്നതിനിടയിൽ GPS ഡാറ്റ സ്വയമേവ ക്യാപ്ചർ ചെയ്യപ്പെടുകയും ബില്ലുകൾ തയ്യാറാക്കുന്നതിനുള്ള ഒരു ഫുൾ പ്രൂഫ് സംവിധാനമായി ഇത് പ്രവർത്തിക്കുകയും ചെയ്യുന്നു. രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് ബില്ലിന്റെ വിശദാംശങ്ങളടങ്ങിയ SMS അയയ്ക്കുകയും, യുപിഐ പേയ്മെന്റുകൾ നടത്തുന്നതിന് ഒരു ക്യുആർ കോഡ് ലഭ്യമാക്കുകയും ചെയ്യും.

KWA സെക്ഷൻ ഓഫീസർമാർക്കുള്ള വെബ് ആപ്ലിക്കേഷൻ, വിപുലമായ അനലിറ്റിക്സും ഡൈനാമിക് റിപ്പോർട്ടുകളും ബിസിനസ്സിന്റെ വിശദമായ അവലോകനവും നൽകുകയും KWA യുടെ തന്ത്രങ്ങളോടും ലക്ഷ്യങ്ങളോടും ചേർന്നുനിന്ന് അനലിറ്റിക്സിന് അനുസൃതമായി പ്രവർത്തിച്ചുകൊണ്ട് റൂട്ടുകളുടെ പ്രകടനം അളക്കാനും കാര്യക്ഷമത മെച്ചപ്പെടുത്താനും സഹായിക്കുകയും ചെയ്യുന്നു.

K Self
KWA's Self Reading App

K Meter
Web Meter Reader's App

## കെ-ഡിസ്ക്ക് - വാർത്തകളിൽ



INNOTRACE

## കേരള നോളജ് എക്കണോമി മിഷൻ (കെ കെ ഇ എം)

'ലോകത്തിലെ ഏറ്റവും വലിയ ടാലന്റ് മാർക്കറ്റ്പ്ലേസ്' ആകാനാണ് ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) ലക്ഷ്യമിടുന്നത്. DWMS പ്ലാറ്റ്ഫോമിന്റെ മൂന്ന് വ്യത്യസ്ത ഘടകങ്ങൾ തൊഴിലന്വേഷകർ, തൊഴിൽ ദാതാക്കൾ, നൈപുണ്യം എന്നിവയാണ്. കേരളത്തെ ഒരു വിജ്ഞാന സമ്പദ്‌വ്യവസ്ഥയാക്കി മാറ്റുന്നതിന് കേരള സർക്കാർ ആരംഭിച്ച ഡിജിറ്റൽ പ്ലാറ്റ്ഫോം അടിസ്ഥാനമാക്കിയുള്ള തന്ത്രപരമായ പരിപാടിയാണ് കേരള നോളജ് ഇക്കണോമി മിഷൻ.

| | |
|---|---|
| സമാഹരിച്ച ഒഴിവുകൾ | 3,77,706 |
| ആകെ നിയമിച്ചവർ | 11,321 |
| തത്സമയ ഒഴിവുകൾ | 31,522 |
| (2023 ജനുവരി 28ലെ കണക്ക്) | |




## പ്രസിദ്ധീകരിക്കുന്നത്


**കമ്യൂണിക്കേഷൻ ആൻറ് കൺടെൻറ് മാനേജ്മെൻറ് ടീം**

**ചീഫ് എഡിറ്റർ**

**ഡോ. പി വി ഉണ്ണികൃഷ്ണൻ**
മെമ്പർ സെക്രട്ടറി, കെ-ഡിസ്ക്

**എഡിറ്റോറിയൽ അഡ്വൈസർ**

**ശ്രീ. ബിജു പരമേശ്വരൻ**
പ്രോഗ്രാം കൺസൾട്ടൻറ്, കെ-ഡിസ്ക്

**എഡിറ്റോറിയൽ ബോർഡ്**

**ശ്രീമതി ലക്ഷ്മി കെ. ജെ.**
സീനിയർ പ്രോഗ്രാം എക്സിക്യൂട്ടീവ്, കെ-ഡിസ്ക്

**ഡോ. വിഷ്ണു വിജയൻ എം. എ.**
പ്രോഗ്രാം എക്സിക്യൂട്ടീവ്, കെ-ഡിസ്ക്

**ശ്രീമതി അനുപമ വി. എ.**
പ്രോഗ്രാം എക്സിക്യൂട്ടീവ്, കെ-ഡിസ്ക്


K-DISC
Kerala Development and Innovation Strategic Council